ചരിത്രത്തിലിടം പിടിച്ച വജ്രം വിറ്റുപോയത് 240 കോടി രൂപയ്ക്ക്

ബ്ലൂംബർഗ്: ചരിത്രത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ വജ്രമായ ലെസതോ ലെജന്റ് 240 കോടി രൂപയ്ക്ക് വിറ്റുപോയി. പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരു സ്വകാര്യ വ്യക്തിയാണ് ജെം ഡയമണ്ട്സ് ലിമിറ്റഡ് കമ്പനിയിൽ നിന്ന് വജ്രം വാങ്ങിയത്. കഴിഞ്ഞ ജനുവരിയിലാണ് ലെത് സംഗ് ഖനിയിൽ നിന്ന് ജെം ഡയമണ്ട്സ് കമ്പനി ലെസതോ ലെജന്റ് കണ്ടെടുത്തത്. ലോകത്ത് ഇതുവരെ ഖനനം ചെയ്തെടുത്തവയിൽ അഞ്ചാമത്തെ വലിയ വജ്രമാണിത്.

നേപ്പാൾ വിമാനാപകടം; അന്വേഷണം ആരംഭിച്ചു

കാഠ്മണ്ഡു: നേപ്പാളിന്റെ തലസ്ഥാനമായ കാഠ്മണ്ഡുവിലെ ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ തിങ്കളാഴ്ചയുണ്ടായ വിമാനാപകടത്തിൽ അന്വേഷണം ശക്തമാക്കി. അപകടത്തിൽ പെട്ട ബംഗ്ലാദേശി വിമാനത്തിന്റെ ഡേറ്റ റെക്കാർഡർ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്തു. അപകടത്തെ തുടർന്ന് എയർലൈൻസ് ഉദ്യോഗസ്ഥരും എയർപോർട്ട് അധികൃതരും പരസ്പരം പഴിചാരിയെങ്കിലും യഥാർത്ഥ കാരണം ഇതുവരെ വ്യക്തമായിട്ടില്ല.

വിമാനം റൺവേയിൽ ഇറക്കുന്നതിന് മുന്നോടിയായി ലഭിച്ച നിർദ്ദേശങ്ങളിലെ ആശങ്കയാണ് അപകടത്തിന് കാരണമെന്നായിരുന്നു നേരത്തേ പുറത്തുവന്ന വിവരം. എന്നാൽ വിമാനത്തിന് നേരത്തെ അപകടം സംഭവിച്ചിട്ടുണ്ടെന്ന മാദ്ധ്യമ റിപ്പോർട്ടുകൾ എയർലൈൻസ് നിഷേധിച്ചു.

ധാക്കയിൽ നിന്ന് 71 യാത്രക്കാരുമായി യാത്ര തിരിച്ച വിമാനം കാഠ്മണ്ഡു വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുന്നതിനിടെ റൺവേയിൽ നിന്ന് തെന്നിമാറി തീപിടിക്കുകയുമായിരുന്നു. പ്രതികൂല കാലാവസ്ഥയിൽ നിയന്ത്രണം വിട്ടായിരുന്ന വിമാനത്തിന്റെ ലാൻഡിംഗ്. തുടർന്ന് വിമാനത്താവളത്തിന്റെ വേലിയിൽ ഇടിച്ചായിരുന്നു തീപിടിച്ചത്.

കാർത്തിയുടെ ജാമ്യാപേക്ഷ; സി.ബി.ഐ നിലപാട് അറിയിക്കണം

ന്യൂഡൽഹി: ഐ.എൻ.എക്സ് മീഡിയ കേസിൽ അറസ്റ്റിലായി തീഹാർ ജയിലിൽ റിമാൻഡിൽ കഴിയുന്ന മുൻ കേന്ദ്രമന്ത്രി പി. ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരം നൽകിയ ജാമ്യാപേക്ഷയിൽ ഡൽഹി ഹൈക്കോടതി സി.ബി.ഐയുടെ നിലപാട് തേടി. 16ന് മുൻപ് കേസിന്റെ തത്സ്ഥിതി റിപ്പോർട്ട് സമർപ്പിക്കണമെന്നും ജസ്റ്റിസ് എസ്.പി.ഗാർഗ് അദ്ധ്യക്ഷനായ ബെഞ്ച് സി.ബി.ഐയോട് നിർദ്ദേശിച്ചു. അതേസമയം, അപേക്ഷ നിലനിൽക്കില്ലെന്ന് സി.ബി.ഐ വാദിച്ചു.

പ്രത്യേക സി.ബി.ഐ കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷ പിൻവലിക്കുമെന്ന് കാർത്തിക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ അറിയിച്ചു. ജാമ്യാപേക്ഷ അടിയന്തരമായി പരിഗണിക്കണമെന്ന കാർത്തിയുടെ ആവശ്യം വിചാരണക്കോടതി കഴിഞ്ഞ ദിവസം തള്ളിയിരുന്നു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) കാർത്തി ചിദംബരത്തിനെതിരെ പുറപ്പെടുവിച്ച സമൻസിന് ഭാഗീക സ്റ്റേ ഏർപ്പെടുത്തിയ ഡൽഹി ഹൈക്കോടതി നടപടിക്കെതിരെ ഇ.ഡി സുപ്രീംകോടതിയെ സമീപിച്ചു.

പാലസ്തീൻ പ്രധാനമന്ത്രിയുടെ വാഹനത്തിന് നേരെ ആക്രമണം

ഗാസ: പാലസ്തീൻ പ്രധാനമന്ത്രി റാമി ഹമദള്ളയുടെ വാഹനവ്യൂഹത്തിന് നേരെ ആക്രമണം. പ്രധാനമന്ത്രി പരിക്കുകളില്ലാതെ രക്ഷപ്പെട്ടു. ഗാസാ മുനമ്പിൽ സന്ദർശനത്തിനെത്തിയപ്പോഴായിരുന്നു സ്ഫോടനമുണ്ടായത്. ഹമാസിന്റെ അധികാര പ്രദേശത്തേക്ക് കടന്നപ്പോഴാണ് വാഹനവ്യൂഹത്തിന് നേരെ ആക്രമണമുണ്ടായത്. ഏഴ് സുരക്ഷാ ജീവനക്കാർക്ക് ചെറിയ പരിക്കുകളുണ്ട്. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല.

എൻജിൻ തകരാർ; 11 വിമാനങ്ങൾക്ക് വിലക്ക്

70 ഇൻഡിഗോ, ഗോ എയർ സർവീസുകൾ റദ്ദാക്കി

■ആയിരക്കണക്കിന് യാത്രക്കാർ വലഞ്ഞു ■തകരാർ അമേരിക്കൻ എൻജിന്

ന്യൂഡൽഹി: നിരന്തരം എൻജിൻ തകരാറുകൾ ഉണ്ടാകുന്ന പതിനൊന്ന് എ - 320 നിയോ വിമാനങ്ങൾക്ക് സുരക്ഷാ കാരണത്താൽ സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ 'പറക്കൽ വിലക്ക്' ഏർപ്പെടുത്തിയതിനെ തുടർന്ന് ഇൻഡിഗോ, ഗോ എയർ കമ്പനികൾ ഇന്നലെ 70 സർവീസുകൾ റദ്ദാക്കി.

ഈ വിമാനങ്ങളുടെ രണ്ട് എൻജിനുകളിൽ അമേരിക്കൻ കമ്പനിയായ പ്രാറ്റ് ആൻഡ് വിറ്റ്നി നിർമ്മിച്ച എൻജിനിലാണ് തകരാർ കണ്ടത്.

അപ്രതീക്ഷിതമായി വിമാനങ്ങൾ റദ്ദാക്കിയതിനാൽ ആയിരക്കണക്കിന് യാത്രക്കാർ വിമാനത്താവളങ്ങളിൽ കുടുങ്ങി. രാജ്യത്തെ ഏറ്റവും വലിയ വിമാനക്കമ്പനിയായ ഇൻഡിഗോയുടെ എട്ടും ഗോ എയറിന്റെ മൂന്നും വിമാനങ്ങൾക്കാണ് വിലക്ക്. ഇൻഡിഗോ അൻപതും ഗോ എയർ ഇരുപതും സർവീസുകളാണ് റദ്ദാക്കിയത്.

തിങ്കളാഴ്ച അഹമ്മദാബാദിൽ നിന്ന് ലക്നൗവിലേക്ക് പോയ ഇൻഡിഗോയുടെ എ - 320 നിയോ വിമാനം പറന്നുയർന്ന് 40 മിനിട്ടിനകം എൻജിൻ തകരാർമൂലം തിരിച്ചിറക്കിയിരുന്നു. ഇതോടെയാണ് ഈ വിമാനങ്ങളെ ഡി.ജി.സി.എ വിലക്കിയത്. ഇൻഡിഗോയുടെ ഇതേ സിരീസിലെ മൂന്ന് വിമാനങ്ങൾ എൻജിൻ തകരാർ മൂലം ഫെബ്രുവരി മുതൽ സർവീസ് നടത്തുന്നില്ല. സുരക്ഷാ കാരണങ്ങളാൽ മൊത്തം 14 വിമാനങ്ങളാണ് ഇതോടെ കട്ടപ്പുറത്തായത്.

ഡൽഹി, മുംബയ്, ചെന്നൈ, കൊൽക്കത്ത, ഹൈദരാബാദ്, ബംഗളൂരു, പാട്ന, ശ്രീനഗർ, ഭുവനേശ്വർ, ഗോഹട്ടി, അമൃത്സർ തുടങ്ങിയ നഗരങ്ങളിലേക്കുള്ള സർവീസുകളാണ് റദ്ദാക്കിയത്.

എല്ലാ നഗരങ്ങളിലേക്കും തങ്ങൾക്ക് നിരവധി സർവീസുകളുണ്ടെന്നും റദ്ദാക്കിയ സർവീസുകളിലെ യാത്രക്കാരെ മറ്റു വിമാനങ്ങളിൽ ഉൾക്കൊള്ളാനാകുമെന്നും ടിക്കറ്റ് റദ്ദാക്കുന്നവരിൽ നിന്ന് അധികഫീസ് ഈടാക്കില്ലെന്നും മുഴവൻ തുകയും തിരിച്ചു നൽകുമെന്നും ഇൻഡിഗോ അറിയിച്ചിട്ടുണ്ട്. മാർച്ച് 25ന് പുതിയ സർവീസ് ഷെഡ്യൂൾ വരുന്നതുവരെ സർവീസ് റദ്ദാക്കൽ തുടരുമെന്നാണ് സൂചന.

തകരാറുകൾ

■ഫെബ്രുവരി 24: ലേയിൽ നിന്ന് ടേക്കോഫ് ചെയ്ത ഗോ എയർ വിമാനത്തിന്റെ എൻജിൻ നിലച്ചു ■മാർച്ച് 5: മുംബയിൽ നിന്ന് ടേക്കോഫ് ചെയ്ത ഇൻഡിഗോ വിമാനത്തിന് എൻജിൻ തകരാറ് ■മാർച്ച് 12: അഹമ്മദാബാദിൽ നിന്ന് ടേക്കോഫ് ചെയ്ത ഇൻഡിഗോ വിമാനത്തിന് എൻജിൻ തകരാറ് ■ഫെബ്രുവരിയിൽ യൂറോപ്പിലും എ 320 നിയോ വിമാനങ്ങളെ വിലക്കിയിരുന്നു

■ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ള ഇരട്ട എൻജിൻ യാത്രാവിമാനമാണ് എയർബസ് കമ്പനിയുടെ എ 320 വിമാനം ■അതിന്റെ ഏറ്റവും പുതിയ പതിപ്പാണ് പ്രാറ്റ് ആൻഡ് വിറ്റ്നി എൻജിൻ ഉപയോഗിക്കുന്ന എ 320 നിയോ ■ ലോകത്തെ 18 വിമാനക്കമ്പനികൾക്കായി ഇത്തരം 113 വിമാനങ്ങളുണ്ട്.

ഇൻഡിഗോ

- ■ആഭ്യന്തര സർവീസിന്റെ 40%
- ■ ഒന്നാം സ്ഥാനം
- ■ ദിവസം 1000 സർവീസ്

ഗോ എയർ

- ■വിഹിതം 10%
- ■ദിവസം 230 സർവീസ്
- ■പ്രൊമോട്ടർ വാഡിയ ഗ്രൂപ്പ്

വിദേശ നിയമസ്ഥാപനങ്ങൾക്ക് ഇന്ത്യയിൽ ഓഫീസ് തുറക്കാനാവില്ല

ന്യൂഡൽഹി: വിദേശ നിയമസ്ഥാപനങ്ങൾക്ക് ഇന്ത്യയിൽ സ്ഥിരം ഓഫീസുകൾ തുറക്കാൻ അനുമതി നൽകാനാവില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. വിദേശനിയമസ്ഥാപനങ്ങളുടെ പ്രതിനിധികൾക്കോ അഭിഭാഷകർക്കോ രാജ്യത്തെത്തി കക്ഷികൾക്ക് ഉപദേശം നൽകാം. വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിനോടും ബാർ കൗൺസിൽ ഒഫ് ഇന്ത്യയോടും ജസ്റ്റിസ് എ.കെ.ഗോയൽ അദ്ധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചു. വിദേശനിയമസ്ഥാപനങ്ങൾക്ക് വിലക്കേർപ്പെടുത്തി മദ്രാസ്, ബോംബെ ഹൈക്കോടതികൾ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതികളോട് കോടതി ശരിവയ്ക്കുകയായിരുന്നു.

ടില്ലേഴ്സണിനെ പുറത്താക്കി ട്രംപ്

റെക്സ് ടില്ലേഴ്സൺ

മൈക്ക് പോംപിയോ പുതിയ സ്റ്റേറ്റ് സെക്രട്ടറി

മൈക്ക് പോംപിയോ

വാഷിംഗ്ടൺ: അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി റെക്സ് ടില്ലേഴ്സനെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറത്താക്കി. അമേരിക്കൻ ചാരസംഘടനായ സി.ഐ.എയുടെ മേധാവി മൈക്ക് പോംപിയോ പുതിയ സെക്രട്ടറിയാകുമെന്നും ട്രംപ് ട്വിറ്ററിലൂടെ അറിയിച്ചു. സി.ഐ.എയുടെ പുതിയ ഡയറക്ടറായി ഗിന ഹാസ്പെല്ലിനെ നിയമിക്കുമെന്നും ട്രംപ് അറിയിച്ചു.

യു.എസ്- ഉത്തരകൊറിയ ചർച്ചകളിലും വിവിധ വ്യാപാര കരാറുകളിലും നേതൃത്വം വഹിക്കാൻ പുതിയ സംഘത്തെ ചുമതലപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അഴിച്ചുപണിയെന്നാണ് വൈറ്റ്ഹൗസ് വൃത്തങ്ങൾ നൽകുന്ന സൂചന. പെട്ടന്നുള്ള മാറ്റത്തിന് വ്യക്തമായ കാരണങ്ങളൊന്നും തന്നെ ട്രംപ് നൽകിയിട്ടില്ല.

കാബിനറ്റിൽ ട്രംപ് നടത്തുന്ന ഏറ്റവും വലിയ അഴിച്ചുപണിയാണിത്. കഴിഞ്ഞ ഒക്ടോബറിൽ ട്രംപും ടില്ലേഴ്സണും തമ്മിലുള്ള അഭിപ്രായ ഭിന്നത ആരംഭിച്ചതു മുതൽ അദ്ദേഹത്തിന് പുറത്തുപോകേണ്ടി വരുമെന്ന സൂചനകൾ വന്നുതുടങ്ങിയിരുന്നു. ടില്ലേഴ്സന്റെ നയതന്ത്ര ഇടപെടലുകളിൽ ട്രംപ് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.

ഡൊണാൾഡ് ട്രംപിനെ ടില്ലേഴ്സൺ 'മന്ദബുദ്ധി' എന്ന് വിളിച്ചതായി കഴിഞ്ഞ ഒക്ടോബറിൽ എൻ.ബി.സി ന്യൂസ് റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം ടില്ലേഴ്സൺ ഒരിക്കലും നിഷേധിച്ചിട്ടുമില്ല. എന്നാൽ തങ്ങൾ തമ്മിലുള്ള ബന്ധം ദൃഢമാണെന്ന് കാണിക്കാൻ ടില്ലേഴ്സൺ ശ്രമം നടത്തിയിരുന്നതായും വാർത്തകൾ പുറത്തു വന്നിരുന്നു.

> സി.ഐ.എ ഡയറക്ടർ മൈക്ക് പോംപിയോ നമ്മുടെ പുതിയ സ്റ്റേറ്റ് സെക്രട്ടറിയാകും. അദ്ദേഹം വളരെ നന്നായി ആ ജോലി നിറവേറ്റും. റെക്സ് ടില്ലേഴ്സണിന്റെ സേവനങ്ങൾക്ക് നന്ദി. ഗിന ഹാസ്പെൽ സി.ഐ.എയുടെ ആദ്യ വനിതാ ഡയറക്ടറാകും. എല്ലാവർക്കും അഭിനന്ദനങ്ങൾ.
>
> -ട്രംപിന്റെ ട്വീറ്റ്

സി.ഐ.എയ്ക്ക് ആദ്യവനിതാ ഡയറക്ടർ

സി.ഐ.എ ഡയറക്ടർ സ്ഥാനത്തെത്തുന്ന ആദ്യ വനിതയാവും ഗിന ഹാസ്പെൽ. നിലവിൽ സി.ഐ.എ ഡെപ്യൂട്ടി ഡയറക്ടറാണ് ഗിന. 1985 മുതൽ സി.ഐ.എയിലെ ഉദ്യോഗസ്ഥയാണിവർ. ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഫെഡറൽ സർവീസിലെ ഉന്നത ബഹുമതിയായ ജോർജ് എച്ച്. ഡബ്ലിയു.ബുഷ് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

ഗിനയുടെ പദവി വിവാദമാകാനും സാദ്ധ്യതയുണ്ട്. ഭീകര പ്രവർത്തനത്തിന് തടവിലാക്കപ്പെട്ടവരെ പാർപ്പിക്കുന്ന രഹസ്യ തടവറകളുടെ മേൽനോട്ടക്കാരിയായിരുന്നു ഗിന. തായ്‌ലൻഡിലെ രഹസ്യജയിലിൽ രണ്ട് കുറ്റാരോപിതരെ പീഡിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ഈ ദൃശ്യങ്ങൾ ചിത്രീകരിച്ച് ഇവർ നശിപ്പിച്ചതായും 2002ൽ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു.

ഛബഹാർ തുറമുഖം: പാകിസ്ഥാനെ ക്ഷണിച്ച് ഇറാൻ

ടെഹ്റാൻ: ഇന്ത്യ, ഇറാൻ അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളുടെ സംയുക്ത സഹകരണത്തോടെ നിർമ്മിച്ച സമുദ്ര വ്യാപാര പാതയായ ഛബഹാർ തുറമുഖത്തിൽ കൈകോർക്കാൻ പാകിസ്ഥാനെയും ചൈനയെയും ഇറാൻ ക്ഷണിച്ചതായി റിപ്പോർട്ട്. ഛഹാഹർ തുറമുഖ പദ്ധതിയിലും ബലൂചിസ്ഥാൻ പ്രവിശ്യയിലെ ഗ്വാദർ തുറമുഖവുമായുള്ള ഛബഹാർ തുറമുഖത്തിന്റെ ബന്ധം വിശാലമാക്കുന്നതിലും കൈകോർക്കാനായി ഇറാൻ വിദേശകാര്യ മന്ത്രി ജാവദ് സരീഫാണ് തങ്ങളെ ക്ഷണിച്ചതെന്ന് പാകിസ്ഥാന്റെ ഡോൺ ദിനപത്രം റിപ്പോർട്ട് ചെയ്തു.

"ചൈന- പാക് സാമ്പത്തിക ഇടനാഴിയുടെ വികസനത്തിൽ പങ്കാളികളാകാൻ ഞങ്ങളെ ക്ഷണിച്ചിട്ടുണ്ട്. അതുപോലെ ഛബാഹർ തുറമുഖത്തിന്റെ വികസത്തിനായി ചൈനയെയും പാകിസ്ഥാനെയും ഞങ്ങളും ക്ഷണിച്ചിട്ടുണ്ട്." ത്രിദിന സന്ദർശനത്തിനായി പാകിസ്ഥാനിലെത്തിയ സരീഫ് പറഞ്ഞു.

സമുദ്രവ്യാപാര- വാണിജ്യബന്ധം ഊട്ടിയുറപ്പിക്കാനായി പാകിസ്ഥാനെ ഒഴിവാക്കിക്കൊണ്ട്, ഇറാന്റെ തെക്കൻ തീരത്ത് സിസ്താൻ - ബലൂചിസ്ഥാൻ പ്രവിശ്യയിൽ ഇന്ത്യയുടെ സഹകരണത്തോടെ നിർമ്മിച്ച തുറമുഖം ഇക്കഴിഞ്ഞ ഡിസംബർ നാലിനാണ് ഉദ്ഘാടനം ചെയ്തത്. ഇന്ത്യ- ഇറാൻ ചരിത്രത്തിൽ നിർണായകമായിരുന്നു ഛബാഹർ. ഇറാൻ വിദേശകാര്യ മന്ത്രിയുടെ പ്രസ്താവനയോട് ഇന്ത്യ ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ ഇന്ത്യ- ഇറാൻ ബന്ധം പാകിസ്ഥാനെ പ്രതികൂലമായി ബാധിക്കില്ലെന്ന് സരീഫ് സൂചിപ്പിച്ചതായും ചില പാക് പ്രാദേശിക മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇന്ത്യയുടെ പശ്ചിമ തീരത്തു നിന്ന് എളുപ്പം ഛബാഹറിൽ എത്താൻ സാധിക്കും. ഇന്ത്യ- ഇറാൻ- അഫ്ഗാനിസ്ഥാൻ എന്നിവർ തമ്മിലുള്ള ചരക്ക് നീക്കത്തിന്റെ ചെലവും സമയവും മൂന്നിലൊന്നായി കുറക്കാൻ ഛബാഹറിന്റെ വരവോടുകൂടി സാധിക്കും.

തന്ത്രപ്രധാനമായ ഒമാൻ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന തുറമുഖം പാകിസ്ഥാൻ ചൈനയുടെ സഹായത്തോടെ നിർമ്മിക്കുന്ന ഗ്വാദർ തുറമുഖത്തിന് വെല്ലുവിളിയാണ്.

യുനെസ്കോ പൈതൃകപ്പട്ടികയിൽ ഇടം നേടിയ മഞ്ഞുപാലം തകർന്നു

പെരിറ്റോ മൊറെനോ ഹിമപാളിയുടെ ഭാഗമായിരുന്ന മഞ്ഞുപാലം തകർന്നു വീഴുന്നു

ബ്യൂണസ് അയേഴ്സ്: അർജന്റീനയിലെ ലോസ് ഗ്ലേഷിയേഴ്സ് ദേശീയ ഉദ്യാനത്തിലെ പെരിറ്റോ മൊറെനോ ഹിമപാളിയുടെ ഭാഗമായിരുന്ന മഞ്ഞുപാലം തകർന്നു വീണു. ഏറെ പ്രശസ്തമായ ഈ മഞ്ഞുപാലം വിനോദ സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതാണ്.

ഞായറാഴ്ച രാത്രി ശക്തമായ കാറ്റിനെ തുടർന്നാണ് പാലം തകർന്നു വീണതെന്ന് പാർക്ക് അധികൃതർ അറിയിച്ചു. പാറ്റഗോണിയ മേഖലയിൽ സ്ഥിതി ചെയ്യുന്ന പാർക്കിലെ പെരിറ്റോ മൊറെനോ എന്ന ഹിമപാളിയിലാണ് മഞ്ഞുപാലം രൂപപ്പെട്ടിരുന്നത്. യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശമാണ് ഈ ഹിമപാളി.

സമീപത്തെ കനാലിൽ നിന്ന് ഒഴുകിവരുന്ന വെള്ളത്തിന്റെ ശക്തിയിൽ മഞ്ഞുപാളിയുടെ അടിഭാഗം ഒഴുകിപ്പോയതിനെ തുടർന്നാണ് മഞ്ഞിന്റെ പാലം രൂപപ്പെട്ടത്. 2004ൽ പാലം ഇത്തരത്തിൽ തകർന്നുവീണിട്ടുണ്ട്. പിന്നീടുള്ള 14 വർഷത്തിനിടെ കേടുപാടുകളൊന്നും സംഭവിച്ചിരുന്നില്ല.

ഏഴാം ദിവസവും സ്തംഭനം

പാർലമെന്റ് നേരത്തേ പിരിയാൻ നീക്കമെന്ന് പ്രതിപക്ഷം

ന്യൂഡൽഹി: പ്രതിപക്ഷ ബഹളത്തിൽ നടപടികളിലേക്ക് കടക്കാതെ പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം തുടർച്ചയായ ഏഴാം ദിവസവും സ്തംഭിച്ചു. ചർച്ച കൂടാതെ ധനബിൽ പാസാക്കാൻ സർക്കാർ ശ്രമിച്ചത് സമ്മേളനം നേരത്തേ പിരിച്ചു വിടാനാണെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി.

പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് ഉന്നയിച്ച് കോൺഗ്രസും, ആന്ധ്രാ പ്രദേശിന് പ്രത്യേക അധികാരം ആവശ്യപ്പെട്ട് ടി.ഡി.പി എംപിമാരും രാവിലെ ഇരു സഭകളിലും പതിവു ബഹളം തുടങ്ങി. രാജ്യസഭയിൽ അദ്ധ്യക്ഷൻ വെങ്കയ്യ നായിഡു ആഭ്യന്തര വകുപ്പിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ പി. ചിദംബരത്തെ ക്ഷണിച്ചപ്പോൾ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നില്ല. തീഹാർ ജയിലിൽ ആയിക്കമെന്ന് ട്രഷറി ബെഞ്ചിൽ നിന്ന് പരാമർശം വന്നു. പ്രകോപിതരായ കോൺഗ്രസ് പക്ഷം ബഹളമുണ്ടാക്കി. 12മണി വരെ നിറുത്തിച്ച വച്ച സഭ പിന്നീട് സമ്മേളിച്ചപ്പോഴും ബഹളത്തിൽ മുങ്ങിയതിനാൽ പിരിയുകയായിരുന്നു.

ഇതിനിടെ സർക്കാർ ചർച്ച കൂടാതെ ധനകാര്യ ബില്ലുകൾ, വിവിധ മന്ത്രാലയങ്ങളുടെ ധനാഭ്യർത്ഥന ബില്ലുകൾ, അപ്രോപ്രിയേഷൻ ബിൽ എന്നിവ ഒരു മണിക്കൂറിനുള്ളിൽ പാസാക്കാൻ ശ്രമിച്ചത് (ഗില്ലറ്റിൻ). സർക്കാർ നീക്കം ദുരുഹമാണെന്ന് ആരോപിച്ച് പ്രതിപക്ഷം നടപടി തടഞ്ഞു. സർക്കാർ നേരത്തേ നടപടികൾ പൂർത്തിയാക്കി സമ്മേളനം തീർക്കാനാണ് നീക്കമെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷനേതാക്കൾ ലോക്സഭാ സ്പീക്കർ സുമിത്രാ മഹാജന് കത്തു നൽകി.

വിവിധം

പാറ്റൂർ ഭൂമി: വി.എസിന്റെ ഹർജി തള്ളി

തിരുവനന്തപുരം: പാറ്റൂരിലെ സർക്കാർ ഭൂമി ഫ്ലാറ്റ് നിർമ്മാതാവിന് കൈയേറാൻ അവസരമുണ്ടാക്കിയ ഉന്നതരുടെ അഴിമതി അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നൽകിയ ഹർജി പ്രത്യേക വിജിലൻസ് കോടതി തള്ളി.

ഹൈക്കോടതി ഇതിന്റെ എഫ്.ഐ.ആർ തന്നെ റദ്ദാക്കിയ സാഹചര്യത്തിൽ വി.എസിന്റെ ഹർജി അനുവദിക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി. ഹർജിക്കാരന് തന്റെ നിലപാട് ഹൈക്കോടതിയിൽ ഉന്നയിക്കാമെന്നും ഹൈക്കോടതി നിരസിച്ച വിഷയത്തിൽ കീഴ്ക്കോടതി തുടർനടപടികൾ അനുവദിക്കുന്നത് ശരിയല്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

മുട്ടത്തറ സ്വിവറേജ് ഫാമിലേക്ക് മലിനജലം ഒഴുക്കുന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചതിൽ അഴിമതി ആരോപിച്ച് വിജിലൻസ് സ്വമേധയാ കേസ് എടുത്ത് പ്രഥമ വിവര റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിരുന്നു. കേസിൽ പ്രതിയാക്കപ്പെട്ട മുൻ ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ ഹൈക്കോടതിയെ സമീപിച്ച് പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കിയിരുന്നു. ആ ഉത്തരവിൽ വി.എസിന്റെ ഹർജിയെ സംബന്ധിച്ച് പരാമർശമേയില്ല. ഈ സാഹചര്യത്തിൽ തന്റെ ഹർജി നിലനിൽക്കുമെന്നായിരുന്നു വി.എസിന്റെ വാദം.

വിഴിഞ്ഞം കരാർ: സർക്കാരിന്റെ താത്പര്യം സംരക്ഷിക്കുന്നില്ലെന്ന് കമ്മിഷൻ

◗ സ്വന്തം ലേഖിക

കൊച്ചി: വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംസ്ഥാന സർക്കാരിന്റെ താത്പര്യം പൂർണമായും സംരക്ഷിക്കുന്നതല്ലെന്ന് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മിഷൻ നിരീക്ഷിച്ചു.

120 ഏക്കർ ഭൂമിയും നിർമാണത്തിനാവശ്യമായ പണവും മറ്റാനുകൂല്യങ്ങളും അദാനി ഗ്രൂപ്പിന് സർക്കാർ നൽകുന്നു. ഈ സാഹചര്യത്തിൽ ഇതേ ഭൂമി പണയപ്പെടുത്തി ബാങ്ക് വായ്പയ്ക്ക് കരാറിൽ വ്യവസ്ഥ ചെയ്യുന്നത്

എന്തടിസ്ഥാനത്തിലാണെന്ന് കമ്മിഷൻ ചോദിച്ചു. ഭൂമിയിൽ 30 ശതമാനം കമ്പനിക്ക് വാണിജ്യാവശ്യത്തിന് ഉപയോഗിക്കാമെന്ന കരാറിലെ വ്യവസ്ഥ സംസ്ഥാന താല്പര്യം സംരക്ഷിക്കുന്നതല്ല. ഭൂമി പണയപ്പെടുത്തി വായ്പയെടുത്ത ശേഷം കമ്പനി തിരിച്ചടയ്ക്കാതെ വന്നാൽ, പണയക്കാരുടെ കാരുണ്യത്തിന് സർക്കാർ കാത്തു നില്ക്കേണ്ടി വരില്ലേയെന്നും കമ്മിഷൻ ആരാഞ്ഞു.

കേന്ദ്രധനവകുപ്പിന്റെ കരാർ മാതൃകയാക്കി

തുറമുഖ നിർമാണ കരാറിൽ ഭൂമി പണയപ്പെടുത്താനും സർക്കാർ ഏറ്റെടുക്കുന്നതിന്റെ മുപ്പതു ശതമാനം ഭൂമി തുറമുഖേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും അനുവദിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് കേന്ദ്ര ധനവകുപ്പിന്റെ മാതൃകാ കരാർ പിന്തുടർന്നാണെന്ന് കമ്പനി വക്താക്കൾ വാദിച്ചു.

കമ്പനികളിൽ നിന്ന് യോഗ്യതാപത്രം ക്ഷണിച്ച ശേഷം ഈ വകുപ്പുകൾ ഉൾപ്പെടുത്തിയത് അദാനി ഗ്രൂപ്പിന് അവിഹിതമായ ആനുകൂല്യങ്ങൾക്ക് വഴി വച്ചെന്ന ആരോപണങ്ങൾക്ക് മറുപടിയായി , തുറമുഖ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ് ഇതിന്റെ രേഖകൾ ഹാജരാക്കി.

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ പല രീതികളിലും അതൃപ്തി പ്രകടിപ്പിച്ച കമ്മിഷൻ, പദ്ധതി സംബന്ധിച്ച് പഠനം നടത്തിയ ഏജൻസിയായ 'എയ്കോമി'ന്റെ റിപ്പോർട്ടുകൾ ഹാജരാക്കാൻ സർക്കാർ അഭിഭാഷകനോട് ആവശ്യപ്പെട്ടു. അറുനൂറു കോടി രൂപമുടക്കി സർക്കാർ ഏറ്റെടുക്കുന്ന ഭൂമി പണയപ്പെടുത്താൻ അദാനി ഗ്രൂപ്പിന് അനുവാദം നൽകിയതിനെയും 30 ശതമാനം ഭൂമി വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിച്ചതിനെയും കമ്മിഷൻ നേരത്തേ വിമർശിച്ചു.

കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതെന്നും, സംസ്ഥാന സർക്കാരിന് ഇതിൽ പങ്കില്ലെന്നും ജെയിംസ് വർഗീസ് സിറ്റിംഗിന്റെ ഒടുവിൽ വിശദീകരിച്ചു. കമ്മിഷന്റെ നിരീക്ഷണങ്ങൾ മാദ്ധ്യമങ്ങളിൽ വരുന്നത് നിയന്ത്രിക്കണമെന്ന് ആം ആദ്മി പാർട്ടി സംസ്ഥാന പ്രസിഡന്റ് സി.ആർ. നീലകണ്ഠന്റെ ആവശ്യം കമ്മിഷൻ തള്ളി. സിറ്റിംഗ് ഇന്നും തുടരും.

ശകുന്തള വധക്കേസ്: അറസ്റ്റ് ഉടൻ

തൃപ്പൂണിത്തുറ: ഉദയംപേരൂർ സ്വദേശിനി കെ.എസ്. ശകുന്തളയെ കൊന്ന് വീപ്പയിലാക്കി കോൺക്രീറ്റ് ചെയ്ത് കായലിൽ തള്ളിയ കേസിൽ അറസ്റ്റ് ഉടൻ. ശകുന്തളയുടെ മകൾ അശ്വതിയെ പൊലീസ് കസ്റ്റഡിയിലെടുത്തതായും സൂചനയുണ്ട്.

പ്രതികളെന്ന് സംശയിക്കുന്നവരുടെയും കേസുമായി ബന്ധമുള്ളവരുടെയും ചോദ്യം ചെയ്യൽ എറണാകുളം സൗത്ത് പൊലീസ് സ്റ്റേഷനിൽ സിറ്റി പൊലീസ് കമ്മിഷ്ണർ എം.പി.ദിനേശ്, അസി. കമ്മിഷ്ണർ പി.പി. ഷംസ്, അന്വേഷണ ഉദ്യോഗസ്ഥനായ സിബി ടോം എന്നിവരുടെ നേതൃത്വത്തിൽ ഇന്നലെ രാത്രി വൈകിയും തുടരുകയാണ്.

അശ്വതിയെ ഇന്നലെ രാവിലെ മുതൽ പല ഘട്ടങ്ങളിലായി ചോദ്യം ചെയ്തിരുന്നു. ശകുന്തളയുടെ വളർത്തമ്മയായ സരസുവിന്റെ കോട്ടയത്ത് താമസിക്കുന്ന മൂത്ത മകളെ ഇന്നലെ വിളിച്ചുവരുത്തി അശ്വതിയുടെ രണ്ട് മക്കളുടെയും സംരക്ഷണം ഏറ്റെടുക്കാമോ എന്ന് പൊലീസ് അന്വേഷിച്ചതായും അറിയുന്നുണ്ട്. ഇവർ ഇതിന് വിസമ്മതിച്ചു.

ജനുവരി എട്ടിന് ശകുന്തളയുടെ ജഡം കണ്ടെത്തിയതിന് പിറ്റേന്ന് ദുരുഹസാഹചര്യത്തിൽ മരിച്ച എസ്.പി.സി.എ ഇൻസ്പെക്ടർ ടി.എം. സജിത്തിലേക്ക് തന്നെയാണ് അന്വേഷണം എത്തുന്നത്. കോൺക്രീറ്റ് വീപ്പ കായലിൽ തള്ളാൻ ക്വട്ടേഷൻ എടുത്ത നാല് പേർ നേരത്തേ തന്നെ പൊലീസിന്റെ കസ്റ്റഡിയിലുണ്ട്. സജിത്തുമായി അടുപ്പമുള്ള പനങ്ങാട് സ്വദേശി കണ്ണൻ, അശ്വതിയുടെ സുഹൃത്തും വാദ്യകലാകാരനുമായ കോഴിക്കോട് സ്വദേശിയായ യുവാവ് എന്നിവരും ഇന്നലെ ചോദ്യം ചെയ്തവരിൽ ഉൾപ്പെടുന്നു. അശ്വതിയും സജിത്തും തമ്മിലുള്ള രണ്ട് വർഷത്തിലേറെയുള്ള ഫോൺ സംഭാഷണങ്ങളുടെ വിശദാംശങ്ങളും പൊലീസ് ശേഖരിച്ചിരുന്നു.

2016 സെപ്തംബറിൽ ശകുന്തള കൊല്ലപ്പെട്ടതായാണ് സൂചന. 2018 ജനുവരി എട്ടിനാണ് കുമ്പളം കായലിൽ നിന്ന് കിട്ടിയ കോൺക്രീറ്റ് നിറച്ച പ്ലാസ്റ്റിക് വീപ്പയിൽ നിന്ന് ശകുന്തളയുടെ ജഡം കണ്ടെത്തിയത്.

പത്തനാപുരം റബ്ബർ പാർക്ക്: തടസം സംസ്ഥാന പരിസ്ഥിതി അനുമതി കിട്ടാത്തതെന്ന് കേന്ദ്രം

ന്യൂഡൽഹി: പത്തനാപുരത്തെ നിർദ്ദിഷ്ട റബ്ബർ പാർക്കിന് കേന്ദ്ര സർക്കാർ ആവശ്യമായ അനുമതികൾ നേരത്തെ നൽകിയതാണെന്നും സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി അനുമതി ലഭിക്കാത്തതാണ് തടസമെന്നും കേന്ദ്ര വാണിജ്യമന്ത്രി സുരേഷ് പ്രഭു വ്യക്തമാക്കി.

2013ൽ ശിലാസ്ഥാപനം നടത്തിയ പാർക്കിന്റെ നിർമ്മാണം വൈകുന്നത് ചൂണ്ടിക്കാട്ടി കൊടിക്കുന്നിൽ സുരേഷ് എം.പി നൽകിയ കത്തിനാണ് കേന്ദ്ര മന്ത്രിയുടെ വിശദീകരണം.

കേന്ദ്ര വാണിജ്യ മന്ത്രാലയം പത്തനാപുരം പിറവന്തൂർ പഞ്ചായത്തിലെ മുക്കടവ് ക്രിൻഫ്രാ പാർക്കിൽ റബ്ബർ പാർക്ക് സ്ഥാപിക്കാൻ 2013ലാണ് റബ്ബർ ബോർഡിന് അനുമതി നൽകിയത്.

റബ്ബർ പാർക്ക് ഇന്ത്യ പ്രൊമോട്ടർമാരായ പദ്ധതിയുടെ ആദ്യ ഘട്ടത്തിന് 5.5. കോടിയും നൽകി. എന്നാൽ, പരിസ്ഥിതിലോല പ്രദേശമായതിനാൽ സംസ്ഥാന പരിസ്ഥിതി ആഘാത പരിശോധനാ അതോറിട്ടി അനുമതി നിഷേധിച്ചു. തുടർന്ന് പാർക്കിനായി പുതിയ പദ്ധതി നിർദ്ദേശം നൽകി.

ഇതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചാലുടൻ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര മന്ത്രി ഉറപ്പ് നൽകി.

അറസ്റ്റിലായ അർജ്ജുൻ താക്കൂർ, ലഖ് വിന്ദർ സിംഗ്

കണ്ടെയ്നർ മോഷണശ്രമത്തിനിടെ ഇതര സംസ്ഥാനക്കാർ പിടിയിൽ

ഏലൂർ: കണ്ടെയ്നർ മോഷ്ടിക്കാൻ ശ്രമിക്കുന്നതിനിടെ രണ്ട് ഇതര സംസ്ഥാനക്കാർ ഏലൂർ പൊലീസിന്റെ പിടിയിലായി. ജാർഖണ്ഡ് സ്വദേശി അർജ്ജുൻ താക്കൂർ (37), പഞ്ചാബ് സ്വദേശി ലഖ് വിന്ദർ സിംഗ് (35) എന്നിവരാണ് അറസ്റ്റിലായത്. വല്ലാർപാടം കണ്ടെയ്നർ റോഡിൽ ഏലൂർ ഇലഞ്ഞിക്കൽ ക്ഷേത്രത്തിന് സമീപം കിടന്നിരുന്ന ട്രെയിലർ ഇവരുടെ കണ്ടെയ്നർ ലോറിയുടെ ഹെഡ് കാബിനിൽ കൊളുത്തി കണ്ടെയ്നർ മോഷ്ടിക്കുന്നതിനിടെയാണ് പിടിയിലായത്. ഏലൂർ എസ്.ഐ എ.എൽ അഭിലാഷ്, അഡീഷണൽ സബ് ഇൻസ്പെക്ടർ എ.എ. വേണു, എ.എസ്.ഐ ജയപാൽ, സി.പി.ഒമാരായ ജാഫർ, ഷിഹാബ് എന്നിവർ ചേർന്നാണ് പിടികൂടിയത്.